കേരള ലോക്കൽ സെൽഫ് ഗവൺമെന്റ് സ്റ്റേറ്റ് സർവ്വീസ്

9 (*189) ശ്രീ. കെ. രാജു :
ശ്രീ. മാങ്കോട് രാധാകൃഷ്ണൻ :
ശ്രീ. പള്ളിപ്രം ബാലൻ :
ശ്രീ. വി. എസ്. സുനിൽകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പഞ്ചായത്ത്, നഗരകാര്യം, ഗ്രാമവികസനം എന്നീ വകുപ്പുകൾ സംയോജിപ്പിച്ച് കേരള ലോക്കൽ സെൽഫ് ഗവൺമെന്റ് സ്റ്റേറ്റ് സർവ്വീസ് രൂപീകരിക്കുന്നതിനുദ്ദേശിക്കുന്നുണ്ടോ ; ഇത് സംബന്ധിച്ച് നിയോഗിച്ച ഉന്നതതല സമിതിയുടെ ശിപാർശകൾ ലഭിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത ഉന്നതതലസമിതിയുടെ ശിപാർശകൾ എന്തെല്ലാം ; ഇവയിൽ ഏതെല്ലാം ശിപാർശകൾ നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത സംയോജനത്തിലൂടെ ഉണ്ടാകുന്ന പുതിയ വകുപ്പിന്റെ ഘടന എന്തായിരിക്കുമെന്ന് വെളിപ്പെടുത്തുമോ ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി) : സർ,

(എ&ബി) ഉണ്ട്. തദ്ദേശഭരണ വകുപ്പിന് ഒരു പൊതു സർവ്വീസ് രൂപീകരിക്കുന്നതു സംബന്ധിച്ച നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി രൂപീകരിച്ചിട്ടുള്ള ഉന്നതതല സമിതി യോഗം കൂടുകയും ചർച്ചയ്ക്കുള്ള കരട് റൂൾ തയ്യാറാക്കിയിട്ടുമുണ്ട്. ഇതുസംബന്ധിച്ച് തദ്ദേശസ്വയം ഭരണ വകുപ്പിൽ പ്രവർത്തിക്കുന്ന പൊതു സംഘടനകളുമായി 21-2-2011-ന് ചർച്ച നടത്തുവാൻ തീരുമാനമായിട്ടുണ്ട്.

(സി) അവസാന തീരുമാനമായിട്ടില്ല.

ശബരിമല മാസ്റ്റർ പ്ലാനിന്റെ പുരോഗതി

10 (*190) ശ്രീ. കെ. പി. മോഹനൻ :
ശ്രീ. എം. വി. ശ്രേയാംസ് കുമാർ :
ശ്രീ. എം. കെ. പ്രേംനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശബരിമല മാസ്റ്റർ പ്ലാൻ പ്രകാരം പമ്പയിലും, നിലയ്ക്കലും, സന്നിധാനത്തിലും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദീകരിക്കുമോ ;

(ബി) ശബരിമല മാസ്റ്റർ പ്ലാൻ പദ്ധതിയുടെ പുരോഗതി വിശദീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി) : സർ,

(എ) ശബരിമല മാസ്റ്റർ പ്ലാൻ നടപ്പിലാക്കുന്നതിന് മേൽനോട്ടം വഹിക്കാൻ ബഹുമാനപ്പെട്ട ഹൈക്കോടതി നിയോഗിച്ചിട്ടുള്ള ഹൈപവർ കമ്മിറ്റി ശബരിമലയിലെ ഭക്തജനത്തിരക്ക് ക്രമീകരിക്കുന്നതിനായി ചില വികസന പ്രോജക്ടുകൾക്ക് മുൻഗണന നൽകി നിശ്ചയിച്ചിട്ടുണ്ട്. നിലയ്ക്കലിലെ പാർക്കിംഗ് സൗകര്യങ്ങൾ വിപുലപ്പെടുത്തിക്കൊണ്ട് നിലയ്ക്കൽ പ്രധാന ബേസ് ക്യാമ്പായി വികസിപ്പിക്കുകയാണ് ഇതിൽ പ്രധാനം. ഇതുവഴി തീർത്ഥാടകരുടെ സുരക്ഷ ഉറപ്പാക്കാനും ശബരിമലയിലേക്കുള്ള പ്രവേശനം നിയന്ത്രിച്ച് തിരക്ക് ക്രമീകരിക്കാനും സാധിക്കും. സന്നിധാനത്ത് ഇരുനിലയുള്ള നടപ്പന്തൽ നിർമ്മിച്ച് കൂടുതൽ സ്ഥലസൗകര്യം ഉറപ്പാക്കുക, ക്ഷേത്രത്തിനു പുറകു വശത്തായി തീർത്ഥാടകർക്ക് മടങ്ങിപ്പോകാനുള്ള മേൽപ്പാലം നിർമ്മിക്കുക, പ്രസാദ കോംപ്ലക്സ് പുനഃനിർമ്മാണം എന്നിവയ്ക്ക് മുൻഗണന നൽകിയിട്ടുണ്ട്. കൂടാതെ മകരജ്യോതി ദർശനത്തിനായി ജനങ്ങളെത്തുന്ന പോയിന്റുകളിൽ സുരക്ഷിതത്വവും സൗകര്യങ്ങളും ഉറപ്പാക്കാനുള്ള നടപടികളും സമിതി മുൻഗണന നൽകി ത്വരിതപ്പെടുത്തും. കൂടാതെ ക്യൂ കോംപ്ലക്സ് നിർമ്മാണം, റോപ്പ്വേ നിർമ്മാണം, പരമ്പരാഗത പാതകളുടെ വിപുലീകരണം, പമ്പയിലും ശബരിമലയിലും സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകളുടെ നിർമ്മാണം, നിലയ്ക്കലിൽ ശബരിഭവനുകളുടെ നിർമ്മാണം, ചെക്ക്ഡാം എന്നിവയൊക്കെയാണ് ആദ്യഘട്ടത്തിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്.

(ബി) ശബരിമല മാസ്റ്റർ പ്ലാനിലെ പൊതു നിർദ്ദേശങ്ങൾ അടിസ്ഥാനമാക്കി നിലയ്ക്കൽ, ശബരിമല എന്നിവിടങ്ങളിലേക്കുള്ള ലേ ഔട്ട് പ്ലാനുകൾ തയ്യാറാക്കികഴിഞ്ഞു. അടുത്ത സീസണിനു മുമ്പായി നിലയ്ക്കലിലെ പാർക്കിംഗ് സൗകര്യങ്ങൾ വിപുലപ്പെടുത്തുക, ട്രാൻസ്പോർട്ട് ടെർമിനൽ നിർമ്മാണം, റോഡ്, ചെക്ക്ഡാം, എന്നിവയും, ശബരിമലയിൽ ക്യൂ കോംപ്ലക്സ്, നടപ്പന്തൽ പുനഃനിർമ്മാണം, ലോവർ തിരുമുറ്റത്തിന്റെ പുനഃനിർമ്മാണം പ്രസാദ കോംപ്ലക്സ് എന്നിവയും റോപ്പ്വേയും നടപ്പാക്കാനുള്ള നടപടികൾ നടന്നുവരുന്നു. ഏകദേശം 100 കോടി രൂപയിലധികം വേണ്ടിവരുന്ന ടി വികസന പദ്ധതികൾക്കുള്ള ഫണ്ട് സ്വരൂപിക്കുന്നതിനായി ശബരിമല ഇൻഫ്രാസ്ട്രക്ച്ചർ ഫണ്ട് ട്രസ്റ്റ് രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. സ്പോൺസർമാരെയും ഡോണർമാരെയും കണ്ടെത്തുന്നതിന് ഉന്നതാധികാര സമിതിയും ട്രസ്റ്റും പ്രയത്നിച്ചുവരുന്നു. കൂടാതെ മലകയറുന്നതിലെ അപകടാവസ്ഥകൾ ഒഴിവാക്കാനും, തിക്കും തിരക്കും മൂലമുള്ള ദുരന്തങ്ങളൊഴിവാക്കാനും ഉദ്ദേശിച്ചുകൊണ്ട് ദേശീയ, സംസ്ഥാന ദുരന്തനിവാരണ ഏജൻസികളുമായും വിദഗ്ദ്ധരുമായും ചർച്ച ചെയ്ത് ഒരു 'ദുരന്ത നിവാരണ പ്രവർത്തന പദ്ധതി' നടപ്പാക്കുവാനും മാസ്റ്റർ പ്ലാൻ ഉന്നതാധികാരസമിതി ഉദ്ദേശിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly